പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2042 22-03-2012-ൽ മറുപടിക്ക്

## അഭിഭാഷകരായി എൻ റോൾ ചെയ്യുന്നതിനുള്ള യോഗ്യത

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി

ഉത്തരം

ശ്രീ.കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | അഭിഭാഷകരായി എൻ റോൾ ചെയ്യുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത, മാർക്ക് നിബന്ധന തുടങ്ങി സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റിലെ 24-ാം ഖണ്ഡ പ്രകാരം ഒരു അഭിഭാഷകനായി എൻ റോൾ ചെയ്യുന്നയാൾ ഇന്ത്യൻ പൗരനായിരിക്കണം, 21വയസ്സ് പൂർത്തിയായിരിക്കണം, ഇന്ത്യയിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നോ വിദേശ സർവ്വകലാശാലകളിൽ നിന്നോ ബാർ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച നിയമ ബിരുദം നേടിയവരോ ആയിരിക്കണം. കൂടാതെ അഭിഭാഷകരായി എൻ റോൾ ചെയ്യാൻ അപേക്ഷ സമർപ്പിക്കുന്നവർ പ്രസ്തുത ആക്റ്റിലെ ഖണ്ഡം 24 എ -യിൽ പരാമർശിക്കുന്ന അയോഗ്യതകൾ ഇല്ലാത്തവരാകണം. മേൽപ്പറഞ്ഞ യോഗ്യതകൾ ഉള്ളവർക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കി എൻ റോൾ ചെയ്യാവുന്നതാണ്. |
| (ബി) | അഭിഭാഷകരായി എൻ റോൾ ചെയ്യുന്നതിന് നിയമബിരുദത്തിനു പുറമേ മറ്റേതെങ്കിലും പരീക്ഷ പാസാകണം എന്ന് നിബന്ധനയുണ്ടോ ? | ഇല്ല. 2009-2010 അക്കാദമിക വർഷത്തിനു ശേഷം നിയമബിരുദം നേടിയവർ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നതിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യ നടത്തുന്ന ആൾ ഇന്ത്യാ ബാർ പരീക്ഷ പാസ്സാകേണ്ടതുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ